"ഭരണഭാഷ – മാതൃഭാഷ"

**SJA-2-A-03/2025-26**

സൂപ്രണ്ടിന്റെ കാര്യാലയം
സബ് ജയിൽ, ആലപ്പുഴ
ആലപ്പുഴ ജില്ല - 688012
തീയതി : 22-04-2026
sj.alp.prisons@kerala.gov.in

## കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ്

## ദർഘാസ് പരസ്യം

വിഷയം:- സബ് ജയിൽ, ആലപ്പുഴ – പുതിയതായി ആരംഭിക്കുന്ന സബ് ജയിലിലെ ജനറൽ കിച്ചണിൽ ഗ്യാസ് കണക്ഷൻ പൈപ്പുകൾ സ്ഥാപിക്കുന്നതിനായുള്ള റീ-ടെണ്ടർ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) ജയിലാസ്ഥാന കാര്യാലയത്തിൽ നിന്നുള്ള 29.11.2025 തീയതിയിലെ **KPCS/8316/2025-P5** എന്ന ഉത്തരവ്.

2) ജയിലാസ്ഥാന കാര്യാലയത്തിൽ നിന്നുള്ള 11.02.2026 തീയതിയിലെ **KPCS/8316/2025-P5** എന്ന ഉത്തരവ്.

3) ജയിലാസ്ഥാന കാര്യാലയത്തിൽ നിന്നുള്ള 26.02.2026 തീയതിയിലെ **KPCS/8789/2025-P5** എന്ന ഉത്തരവ്.

4) ജയിലാസ്ഥാന കാര്യാലയത്തിൽ നിന്നുള്ള 07.04.2026 തീയതിയിലെ **KPCS/8316/2025-P5** എന്ന ഉത്തരവ്.

സൂചന (1) ഉത്തരവ് പ്രകാരം പുതിയതായി ആരംഭിക്കുന്ന ആലപ്പുഴ സബ് ജയിലിലെ ജനറൽ കിച്ചണിൽ ഗ്യാസ് പൈപ്പ് ലൈൻ (**MS** മെറ്റീരിയൽ), ഗ്യാസ് ബാങ്ക്, **ISI** മുദ്രയോട് കൂടിയ വിവിധതരം ഗ്യാസ് ബർണർ എന്നിവ സപ്ലൈചെയ്ത് സ്ഥാപിക്കുന്നതിനു വേണ്ടി **PESO** ലൈസൻസുള്ള സ്ഥാപനങ്ങളിൽ നിന്ന് മുദ്രവെച്ച ടെണ്ടർ ക്ഷണിക്കുകയുണ്ടായി. എന്നാൽ മതിയായ പങ്കാളിത്തം ഇല്ലാതിരുന്നതിനാൽ സൂചന (2),(3) എന്നീ ഉത്തരവുകൾ പ്രകാരം വീണ്ടും റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ലഭിച്ച ടെണ്ടറുകളിൽ ടെണ്ടർ പ്രവൃത്തി / ഉപകരണങ്ങൾ സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ഇല്ലാത്ത സാഹചര്യത്തിലും പ്രവൃത്തിയുടെ വിശദാംശങ്ങൾ, സ്ഥാപിക്കേണ്ട ഉപകരണങ്ങളുടെ / പാചക സംവിധാങ്ങളുടെ വിവരങ്ങൾ, വ്യക്തമായ സ്പെസിഫിക്കേഷനുകൾ, ബാധകമായ മറ്റ് മാനദണ്ഡങ്ങൾ എന്നിവ ഉൾപ്പെടുത്തി വീണ്ടും ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ സൂചന (4) പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ സബ് ജയിലിലെ ജനറൽ കിച്ചണിൽ ഗ്യാസ് പൈപ്പ് ലൈൻ (**MS** മെറ്റീരിയൽ), ഗ്യാസ് ബാങ്ക്, **ISI** മുദ്രയോട് കൂടിയ വിവിധതരം ഗ്യാസ് ബർണർ എന്നിവ സപ്ലൈചെയ്ത് സ്ഥാപിക്കുന്നതിനു വേണ്ടി **PESO** ലൈസൻസുള്ള സ്ഥാപനങ്ങളിൽ നിന്ന് വീണ്ടും മുദ്രവെച്ച ടെണ്ടറുകൾ വീണ്ടും ക്ഷണിച്ചുകൊള്ളുന്നു. മുദ്രവെച്ച ദർഘാസ് അടങ്ങിയ കവറിന് മുകളിൽ ദർഘാസ് നമ്പരും പേരും എഴുതി സൂപ്രണ്ട് സബ് ജയിൽ, ആലപ്പുഴ, പിൻ- 688012 എന്ന വിലാസത്തിൽ നൽകേണ്ടതാണ്.

| | |
|---|---|
| ദർഘാസ് നമ്പർ | **SJA-2-A-03/2025-26** |
| ദർഘാസ് ഫോമിന്റെ തുക | **500 + 18 % GST** |
| ഡ്യൂപ്ലിക്കേറ്റ് ദർഘാസ് ഫോമിന്റെ തുക | **250 + 18 % GST** |
| ദർഘാസ് ഫോം ലഭിക്കുന്ന സ്ഥലം | സൂപ്രണ്ട്,<br>സബ് ജയിൽ, ആലപ്പുഴ |
| ദർഘാസ് ഫോം വിതരണം തുടങ്ങുന്ന തീയതി | **22-04-2026** |
| ദർഘാസ് ഫോം വിൽക്കുന്ന അവസാന തീയതിയും സമയവും | **05.05.2026** പകൽ<br>**3.00** മണിവരെ |
| ദർഘാസ് തുറക്കുന്ന തീയതിയും സമയവും | **06.05.2026** പകൽ<br>**4** മണിക്ക് |
| വർക്ക് പൂർത്തിയാക്കുന്നതിനുള്ള സമയം | എഗ്രിമെന്റ് മുതൽ **20** ദിവസം |
| അടങ്കൽ തുക | **329220/-** |

നിശ്ചിത തീയതിയിലും സമയത്തും നിശ്ചിത ഫോറത്തിൽ മുദ്രവെച്ച ദർഘാസ് ആലപ്പുഴ സബ് ജയിൽ സൂപ്രണ്ടാഫീസിൽ സ്വീകരിക്കുന്നതാണ്. ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ദർഘാസ് ജയിൽ ആസ്ഥാനകാര്യാലയത്തിൽ നിന്നുള്ള അംഗീകാരത്തിന് വിധേയമായി ഉറപ്പിച്ച് നൽകുന്നതാണ്. ദർഘാസ് ഫോമിന് നൽകിയ വില യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല. ദർഘാസ് ഫോം കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ഫോം **VPP** ആയി അയക്കുകയോ, ചെക്ക്, പോസ്റ്റേജ് സ്റ്റാമ്പ് മുതലായവ ഫോമിന്റെ വിലയായി സ്വീകരിക്കുകയോ ചെയ്യുന്നതല്ല.

<u>**നിബന്ധനകൾ**</u>

1. ടെണ്ടറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ആലപ്പുഴ സബ് ജയിൽ സൂപ്രണ്ട് അവർകളുടെ **SJA-2-A-03/2025-26** ടെണ്ടറിലെ വ്യവസ്ഥകൾ കൈപ്പറ്റേണ്ടതും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തി സമ്മതപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്.
2. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിരത ദ്രവ്യമായി അടങ്കൽ തുകയുടെ 1.5% അടക്കേണ്ടതാണ്. നിരദദ്രവ്യം അടച്ചാൽ മാത്രമേ ടെണ്ടറിൽ പങ്കെടുക്കുവാൻ പാടുള്ളു. പ്രസ്തുത റീ-ടെണ്ടറിൽ വിജയിക്കാത്തവരുടെ നിരദദ്രവ്യം അപ്പോൾ തന്നെ തിരിച്ചുനൽകുന്നതാണ്.
3. ഏറ്റവും കുറവ് തുകക്ക് ടെണ്ടർ വിളിച്ച വ്യക്തി സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. ടെണ്ടർ നടത്തിയ തീയതി മുതൽ 30 ദിവസത്തിനകം ബഹു. ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, ജയിൽ ആസ്ഥാന കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം-12 അവർകളുടെ ഉത്തരവിന് വിധേയമായി ടെണ്ടർ സ്ഥിരപ്പെടുത്തി ഉത്തരവ് നൽകുന്നതാണ്.

4. നിയമപ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ഒരാൾക്ക് മറ്റൊരാളെ പ്രതിനിധീകരിച്ച് റീ-ടെണ്ടറിൽ പങ്കെടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളു. അപ്രകാരം നിയമപരമായി അധികാരപ്പെടുത്തൽ അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം ടെണ്ടർ നടത്തുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.
5. ടെണ്ടർ നടത്തിപ്പ്, വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടായാൽ ടെണ്ടർ നടത്തുന്ന ബന്ധപ്പെട്ട ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.
6. ഏറ്റവും കുറഞ്ഞ തുകക്ക് ടെണ്ടർ തന്നിട്ടുള്ള സ്ഥാപനം 200 രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പ് വെക്കേണ്ടതും, ടെണ്ടർ അംഗീകരിച്ചതിന് ശേഷം 3% സെക്യൂരിറ്റി ഡെപ്പോസിറ്റും (EMD ഉൾപ്പെടെ), വീണ്ടും 200 രൂപയുടെ മറ്റൊരു മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പ് വെക്കേണ്ടതുമാണ്. ഇതിന് തയ്യാറാകാതിരുന്നാൽ, അയാളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതാണ്. പുനർ ടെണ്ടർ നടത്തുന്നതുമൂലം സർക്കാരിനുണ്ടായേക്കാവുന്ന കഷ്ട നഷ്ടങ്ങൾക്ക് പ്രസ്തുത സ്ഥാപനം ഉത്തരവാദിയായിരിക്കുന്നതാണ്.
7. ടെണ്ടർ പ്രകാരമുള്ള വർക്ക് പൂർത്തിയാക്കിയതിന് ശേഷം തുക ട്രഷറി മുഖേന സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്.
8. GST രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ മാത്രം ടെണ്ടറിൽ പങ്കെടുത്താൽ മതി.
9. തക്കതായ കാരണങ്ങളില്ലാതെ നിശ്ചിതസമയത്ത് വർക്ക് പൂർത്തികരിച്ചില്ലെങ്കിൽ അധികമായി എടുക്കുന്ന ഓരോദിവസത്തിനും 200 രൂപ പിഴ അടക്കേണ്ടതാണ്.
10. സർക്കാർ കാലകാലങ്ങളായി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ എല്ലാം പാലിക്കേണ്ടതാണ്.

OFFICE OF THE SUPERINTENDENT SUB JAIL ALAPPUZHA PIN-683 012

സൂപ്രണ്ട്
സബ് ജയിൽ, ആലപ്പുഴ

പരസ്യപ്പെടുത്തുന്നതിന്

1. സൂപ്രണ്ട്, ഗവ. പ്രസ്സ്, തിരുവനന്തപുരം.
2. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ് , തിരുവനന്തപുരം.
3. ജയിൽ വെബസൈറ്റ്
4. ജയിൽ മെയിൻ ഗേറ്റ്.

പകർപ്പ് സമർപ്പണം

ബഹു. ബഹു. ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,
ജയിൽ ആസ്ഥാന കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം
(ഉപരിപത്രം സഹിതം).

പകർപ്പ്

കരുതൽ ശേഖരം/ബന്ധപ്പെട്ട ഫയൽ



File No. KPCS/8316/2025-P5 (Computer No. 308971)
Generated from eOffice by Godwin S, TC3 PRHQ KPCS, TC3 PRHQ KPCS, KERALA PRISONS on 24/04/2026 04:41 PM